പതിമൂന്നാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 329 09/04/2013-ലെ മറുപടിക്ക്

തോട്ടഭൂമികളുടെ പാട്ടക്കാലാവധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട തോട്ടഭൂമികളുടെ പാട്ടക്കാലാവധി നീട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ തോട്ടഭൂമി കൈവശംവെച്ച് വരുന്നവരിൽ കാലാവധി കഴിഞ്ഞിട്ടും തിരിച്ച് നൽകാത്തവരുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി)<br>&<br>(സി) | തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പാട്ട കാലാവധി കഴിഞ്ഞ ഭൂമികൾ നിലവിലില്ല എന്നുള്ള വിവരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകൾ താഴെ പറയും പ്രകാരമാണ്.<br><br>**പത്തനംതിട്ട :**<br><br>പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി അരുവാപ്പുലം വില്ലേജിൽ 831.52 ഏക്കർ തോട്ടഭൂമി പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമാണ്. ടി ഭൂമി സർക്കാരിലേയ്ക്കു ഏറ്റെടുക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമ പ്രകാരം കോഴഞ്ചേരി അഡി. തഹസിൽദാർ 07/03/2013-ൽ എ7-27743/12 നമ്പരായി നോട്ടീസ് നൽകിയിരുന്നു. ആയതിനെതിരെ കക്ഷി ബഹു. കേരള ഹൈക്കോടതിയിൽ **WP(C) 7711/13** നമ്പരായി ഹർജി ഫയൽ ചെയ്യുകയും ടി കേസിൽ |
| (സി) | കാലാവധി കഴിഞ്ഞ പാട്ടഭൂമി പൂർണ്ണമായും തിരിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ സർക്കാർ തയ്യാറാകുമോ; എത്ര ഏക്കർ ഭൂമി എവിടെയെല്ലാമായി ഇത്തരത്തിൽ തിരിച്ചെടുക്കാൻ ബാക്കി നിൽപ്പുണ്ടെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | 3 മാസത്തേയ്ക്ക് തൽസ്ഥിതി തുടരാൻ ബഹു. കോടതി 25/03/13-ന് ഉത്തരവായിട്ടുള്ളതുമാണ്.<br><br>**ഇടുക്കി**<br><br>ജില്ലയിൽ കാലാവധി കഴിഞ്ഞ 456 പാട്ടകേസുകൾ ഉണ്ട്. ഒന്നും തന്നെ പുതുക്കിയിട്ടില്ലാത്തതാണ്.<br><br>**എറണാകുളം**<br><br>ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടയ്ക്കാട്ടുവയൽ വില്ലേജിൽ 45.60 ആർ ഭൂമി പാട്ട കാലാവധി കഴിഞ്ഞതിനാൽ തിരിച്ചെടുക്കൽ നടപടിയിലാണ്. കൊച്ചി താലൂക്കിൽ 3.87.54 ഹെക്ടർ ഭൂമി പാട്ടകാലാവധി കഴിഞ്ഞതായുണ്ട്. ടി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതും ഇതിനെതിരെ കോടതി കേസുകൾ നിലനിൽക്കുന്നതുമാണ്. മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർകുന്നം വില്ലേജിൽ 6.32 ച.മീറ്റർ, ഏലൂർ വില്ലേജിൽ സർവ്വെ നം. 137/1F പ്പെട്ട 18.73 എക്കർ ഭൂമിയും തിരിച്ചെടുക്കുന്നതിനായി പരിഗണനയിലാണ്.<br><br>**ആലപ്പുഴ**<br><br>ജില്ലയിൽ ചേർത്തല താലൂക്കിൽ പെരുമ്പളം വില്ലേജിൽ വിവിധ വ്യക്തികളുടെ കൈവശത്തിലുള്ള 8.9359 ഹെക്ടർ ഭൂമിയും മാവേലിക്കര താലൂക്കിൽ 01.9068 ഹെക്ടർ ഭൂമിയും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയിൽ ഉൾപ്പെടുന്നതായിട്ടുണ്ട്.<br><br>**പാലക്കാട്**<br><br>ജില്ലയിൽ ചിറ്റൂർ താലൂക്കിൽ 0.34 ഏക്കർ ഭൂമി |

| | | | |
|---|---|---|---|
| | | | പാട്ടക്കാലാവധി കഴിഞ്ഞതിനാൽ കൈയ്യേറ്റം ഒഴിപ്പിച്ചു ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br><br>**വയനാട്**<br><br>ജില്ലയിൽ വൈത്തിരി താലൂക്കിൽ അച്ചുരാനം വില്ലേജിൽ റീ.സ. നം. 140/3 ൽ 0.71 ഏക്കർ സ്ഥലം ഹാരിസൺ മലയാളം ലിമിറ്റഡിനു പാട്ടത്തിനു നൽകിയത് പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ടി കമ്പനി ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ WP(C) 31258/07 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ